"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ വില്ലേജ് റീസർവെ നമ്പർ 127/ 82 ൽ പെട്ട സെന്റ് മേരീസ് പള്ളി വക 1.748 ആർ ഭൂമി സർക്കാരിന് കൈമാറിയതിന് പകരമായി തൃശ്ശൂർ കോർപ്പറേഷനിൽ നിക്ഷിപ്തമായ ഒല്ലൂർ വില്ലേജിലെ റീസർവെ നമ്പർ 127/89ൽ പ്പെട്ട 1.740 ആർ റോഡ് പുറമ്പോക്ക് ഭൂമി സെന്റ് മേരീസ് പള്ളിക്ക് കൈമാറി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.31/2026/RD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-

1. 13/11/2013ലെ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ തീരുമാനം.
2. ഒല്ലൂർ അഞ്ചേരി സെന്റ് മേരീസ് ചർച്ച് പ്രീസ്റ്റ് ഇൻ ചാർജ്ജിന്റെയും ട്രസ്റ്റിമാരുടെയും 03/01/2022ലെ അപേക്ഷ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 08/02/2024ലെ LR/96/2024-LR(J7) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ വില്ലേജ് റീസർവെ നമ്പർ 127/ 82 ൽ പെട്ട സെന്റ് മേരീസ് പള്ളി വക 1.748 ആർ ഭൂമി സർക്കാരിന് കൈമാറിയതിന് പകരമായി നഗരസഭയിൽ നിക്ഷിപ്തമായ റോഡ് പുറമ്പോക്ക് ഭൂമി അനുവദിക്കണമെന്ന് സെന്റ് മേരീസ് പള്ളി പ്രീസ്റ്റ് ഇൻ ചാർജ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2) ഒല്ലൂർ വില്ലേജിലെ റിസർവെ 127/82-ൽപ്പെട്ട സെന്റ് മേരീസ് പള്ളി വക 1.748 ആർ ഭൂമി നിൽക്കുന്ന സ്ഥലം ബി.ടി.ആർ പ്രകാരം പുരയിടം ആണെന്നും ടി ഭൂമി കോർപ്പറേഷന് കൈമാറുന്നതിന് 2013-ൽ കോർപ്പറേഷനിൽ അപേക്ഷ സമർപ്പിക്കുകയും, ടി ഭൂമി അന്നു മുതൽ 4 ചക്രവാഹനങ്ങൾ പോകുന്ന വിധത്തിൽ വഴിയായി ഉപയോഗിച്ചു വരുന്നതുമാണെന്നും, വിട്ടുകൊടുത്ത ഭൂമിയ്ക്ക് പകരമായി റീസർവെ 127/89 ൽ ഉൾപ്പെട്ട (ബി.ടി.ആർ പ്രകാരം "വഴി") കോർപ്പറേഷൻ വക ഭൂമി കൈമാറുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടെന്നും, ആയതിലേയ്ക്കായി കോർപ്പറേഷൻ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിന് കത്ത് അയച്ചിട്ടുള്ളതുമാണെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) നിലവിൽ ഉണ്ടായിരുന്ന റോഡിന്റെ ദിശ മാറ്റുന്നതിന് സെന്റ് മേരിസ് പള്ളി വക 1.748 ആർ ഭൂമി കോർപ്പറേഷൻ ഏറ്റെടുത്തു കൊണ്ട് ഇതിന് പകരമായി റോഡായി ഉപയോഗിച്ചു വന്നിരുന്നതും മുനിസിപ്പാലിറ്റി ആക്ട് പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായതുമായ 1.740 ആർ ഭൂമി പള്ളിക്ക് നൽകുവാൻ പരാമർശം (1)

പ്രകാരം കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റോഡിന്റെ ദിശ മാറ്റുന്നതിനായാണ് പള്ളിയുടെ കൈവശത്തിലുള്ള 1.748 ആർ ഭൂമി സർക്കാരിന് കൈമാറിയത്. ഇതിന്റെ പകരമായാണ് മുൻപ് റോഡായി ഉപയോഗിച്ച് വന്നിരുന്നതും മുനിസിപ്പാലിറ്റി ആക്ട് പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായതുമായ 1.740 ആർ ഭൂമി പള്ളിക്ക് നൽകാനും തീരുമാനിച്ചത്. പള്ളിക്ക് നൽകാൻ സമ്മതിച്ച ഭൂമി മുൻപ് റോഡ് ആയിരുന്നതിനാൽ ആണ് മുനിസിപ്പാലിറ്റി ആക്ട് പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരുന്നത്. റോഡല്ലാതായതോടുകൂടി പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമായതായി കണക്കാക്കി, ഒല്ലൂർ വില്ലേജിലെ റീസർവെ നമ്പർ 127/89ൽ പ്പെട്ട 1.740 ആർ ഭൂമിയുടെ ഇനം റോഡ് പുറമ്പോക്ക് എന്നതിൽ നിന്നും തരിശ് ആക്കി മാറ്റി, പൊതുജനങ്ങളുടെ ഗതാഗത സൗകര്യം എന്ന പൊതു താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ 1995ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 21 പ്രകാരം സെന്റ് മേരീസ് പള്ളിക്ക് പതിച്ചു നൽകാൻ ജില്ലാ കളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

6) പട്ടയ നടപടികൾ പൂർത്തീകരിക്കുന്നതിന് മുമ്പായി ഇപ്പോൾ റോഡ് ആയി ഉപയോഗിക്കുന്നതും പള്ളിയുടെ ഉടമസ്ഥതയിൽ ഉള്ളതുമായ ഭൂമി സർക്കാരിന് /കോർപ്പറേഷന് വിട്ടു ഒഴിഞ്ഞു നൽകേണ്ടതാണ്. ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
ഫാദർ പോൾ മാളിയമ്മാവ്, പ്രീസ്റ്റ് ഇൻ ചാർജ്ജ്, ഒല്ലൂർ അഞ്ചേരി സെന്റ് മേരീസ് ചർച്ച്
തദ്ദേശസ്വയംഭരണ (ആർ.ഇ.) വകുപ്പ്
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (എൽ3/144/2022/റവ)

ഉത്തരവിൻ പ്രകാരം,
**Signed by Priya Vincent**
**Date: 21-01-2026 11:23:24**
സെക്ഷൻ ഓഫീസർ